## Syro-Malabar Eparchy of St Thomas the Apostle, Melbourne

Prot. No. MPL 82/22/73

**സർക്കുലർ**

**മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ആയിരത്തിത്തൊള്ളായിരത്തി അമ്പതാം ദുക്റാന തിരുനാൾ**

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ആയിരത്തിത്തൊള്ളായിരത്തി അമ്പതാമത് വാർഷികം ജൂലൈ മൂന്നിന് ദുക്റാനതിരുനാളിൽ നാം ആചരിക്കുകയാണല്ലോ. ഈ പുണ്യദിനം ഉചിതമായി ആഘോഷിക്കാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. അന്നേദിവസം പതിവുപോലെ നമ്മുടെ കത്തീഡ്രൽ ഇടവകാസമൂഹത്തോടൊപ്പം ഞാൻ റാസ കുർബാനയർപ്പിച്ച് കൃപതക്കുവേണ്ടി പ്രാർത്ഥിക്കുകയും വന്ദ്യപിതാവിന്റെ മാധ്യസ്ഥ്യം ഏവർക്കുംവേണ്ടി യാചിക്കുന്നതുമാണ്.

ദുക്റാന തിരുനാൾ ദിനം തന്നെയാണല്ലോ സീറോമലബാർ സഭാ മക്കളായ നാം സഭാദിനം ആചരിക്കുന്നത്. സഭാസ്നേഹത്തിൽ വളരാനും സഭക്കുവേണ്ടി പ്രാർത്ഥിക്കാനും ഏവരേയും ആഹ്വാനം ചെയ്യുന്നു. വർത്തമാനപുസ്തകത്തിന്റെ മുഖവുരയിൽ പാറേമ്മാക്കൽ തോമാ കത്തനാർ നൂറ്റാണ്ടുകൾക്കുമുമ്പ് കുറിച്ചതുപോലെ, "സർവ്വേശ്വരന്റെ അനന്തകാരുണ്യത്താലും, സ്ഥാപകനും പ്രഥമരക്തസാക്ഷിയുമായ മാർ തോമാശ്ലീഹായുടെ സുകൃതത്താലും, ഈജിപ്തിലെ രാജകീയദുർഭരണത്തിൽ ഇസ്രായേൽ ജനതയെന്നപോലെ നമ്മുടെ സമുദായവും ഇന്നുവരെ പല ഭരണകൂടങ്ങളുടെയും കീഴിൽ ഒരു ക്ഷീണവും സംഭവിക്കാതെ സംരക്ഷിക്കപ്പെട്ടു പോരുകയാണ്" എന്നതിൽ നമുക്ക് നല്ല തമ്പുരാന് നന്ദി പറയാം. സഭാദിനത്തിലെ സ്തോത്രക്കാഴ്ച സഭയുടെ പൊതുപ്രവർത്തനങ്ങൾക്കുവേണ്ടി സഭാകേന്ദ്രത്തിലേക്ക് അയച്ചുകൊടുക്കാനുള്ളതാണ്. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ സഹായിക്കാൻ ഏവരും ഉദാരമായി സംഭാവന ചെയ്യുമല്ലോ.

ഓസ്ട്രേലിയയിലെ കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം ഈ ജൂലൈ മൂന്ന് വളരെ ചരിത്രപ്രാധാന്യമർഹിക്കുന്ന ഒരു ദിവസമാണ്. ഓസ്ട്രേലിയൻ കത്തോലിക്കാസഭയുടെ പ്ലീനറി കൗൺസിലിന്റെ രണ്ടാം സമ്മേളനം സിഡ്നിയിൽവച്ച് ആരംഭിക്കുന്നത് ജൂലൈ മൂന്നിനാണ്. ഒരാഴ്ച നീണ്ടുനിൽക്കുന്ന വളരെ ചരിത്രപ്രാധാന്യമുള്ള ഈ സമ്മേളനത്തിൽ എല്ലാ മെത്രാന്മാരും വൈദിക, അൽമായ പ്രതിനിധികളും പങ്കെടുക്കുന്നുണ്ട്. സഭയിൽ യഥാർത്ഥ നവീകരണം നടക്കുന്നതിനും, പങ്കാളിത്ത സ്വഭാവമുള്ള, എളിമയോടും കാരുണ്യത്തോടുംകൂടി മുറിവുകളുണക്കുന്ന, ക്രിസ്തുകേന്ദ്രീകൃതമായ ശുശ്രൂഷാമനോഭാവമുള്ള, ദിവ്യകാരുണ്യാഭിമുഖ്യത്തോടെ പ്രേഷിതചൈതന്യത്തിൽ ഏവർക്കും പ്രത്യാശ പങ്കുവയ്ക്കുന്ന സമൂഹമായി സഭ വളരുന്നതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

ഏവർക്കും ദുക്റാന തിരുനാളിന്റെ ആശംസകൾ നേരുന്നു.

മിശിഹായിൽ സ്നേഹത്തോടെ,നിങ്ങളുടെ പിതാവ്

+ ബോസ്കോ പുത്തൂർ

2022 ജൂൺ 16

പരിശുദ്ധ കുർബാനയുടെ തിരുനാൾ

NB: ഈ സർക്കുലർ 2022 ജൂൺ 26ന് (ഞായർ) പള്ളിയിൽ വായിക്കേണ്ടതാണ്.